# നബിമാർ



നാമെല്ലാം അല്ലാഹുവിൻെറ അടിമകളാണ്. അല്ലാഹുവിന് ഇഷ്ടപ്പെട്ട വഴിയിൽ നാം ജീവിക്കണം. അല്ലാഹുവിന് ഇഷ്ടപ്പെട്ട വഴി ഏതെല്ലാമാണെന്ന് മനുഷ്യർക്ക് പറഞ്ഞുകൊടുക്കുവാൻ അല്ലാഹു അയച്ചവരാണ് നബിമാർ. മനുഷ്യരുടെ കൂട്ടത്തിലെ ഏറ്റവും നല്ലവരെയാണ് അല്ലാഹു നബിമാരായി തിരഞ്ഞെടുത്തത്. അങ്ങിനെ എല്ലാ കാലത്തും നബിമാരുണ്ടായിരുന്നു. അവസാനം മുഹമ്മദ് നബിﷺയെ അല്ലാഹു തിരഞ്ഞെടുത്തു. അദ്ദേഹത്തിനു ശേഷം നബിമാരുടെ ആവശ്യമില്ല. കാരണം മുഹമ്മദ് നബിﷺ നമ്മെ പഠിപ്പിച്ച ഖുർആൻ എല്ലാ കാലത്തും നിലനിൽക്കും. ഖുർആനും മുഹമ്മദ് നബിﷺയുടെ ഉപദേശങ്ങളും അനുസരിച്ച് നാം ജീവിക്കണം.

നൂഹ്, ഇബ്റാഹിം, മൂസാ, ഈസാ (عليهم السلام) എന്നിങ്ങനെ ഖുർആനിൽ ഇരുപത്തി അഞ്ച് നബിമാരുടെ പേരുകൾ കാണാം. അവർക്കു പുറമേ എത്രയോ നബിമാർ വേറെയുമുണ്ടായിരുന്നു. മുഹമ്മദ് നബി യുടെ പേര് കേൾക്കുമ്പോൾ നാം صلى الله عليه وسلم എന്ന് ചൊല്ലണം. മറ്റു നബിമാരുടെ പേരുകൾ കേൾക്കുമ്പോൾ عليه السلام എന്ന് പറയണം. എല്ലാ നബിമാരിലും നാം വിശ്വസിക്കണം. അവരെല്ലാം മനുഷ്യരുടെ കൂട്ടത്തിൽ ഏറ്റവും നല്ലവരായിരുന്നു. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നാണ് എല്ലാ നബിമാരും ആദ്യമായി ജനങ്ങളോട് ഉപദേശിച്ചത്.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്